ഗോത്രജനതയ്ക്ക് വനത്തിന്റെ മേലുള്ള പരമ്പരാഗത അവകാശം ഉറപ്പുവരുത്തുന്നതിനുള്ള വനാവകാശ നിയമം (2006) വിപ്ലവാത്മകമായ ഒരു ചുവടുവയ്പ്പായാണ് വിലയിരുത്തപ്പെട്ടത്. 2006ൽ നിയമം നിലവിൽ വന്നിട്ടും 2009 ഏപ്രിൽ 30നാണ് കേരളത്തിൽ നിയമം നടപ്പിലാക്കാൻ മന്ത്രിസഭ തീരുമാനിക്കുന്നത്. രണ്ട് വർഷം പിന്നിടുമ്പോൾ വനാവകാശ നിയമ നിർവ്വഹണത്തിന്റെ കേരളത്തിലെ സ്ഥിതി എന്താണ്? വനനശീകരണത്തിന്റെയും ആദിവാസികളുടെ അരക്ഷിതാവസ്ഥകളുടെയും ഫലവത്തായ പരിഹാരമായി നിയമം മാറുമോ? വനസംരക്ഷണത്തിന് വനത്തിൽ വസിക്കുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കാനും വിഭവങ്ങളുടെ മേലുള്ള അവരുടെ പരമ്പരാഗത അവകാശം സ്ഥാപിക്കുന്നതിനും അതുവഴി അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിന് നിയമസാധ്യതയും അംഗീകാരവും നൽകാനും വനാവകാശ നിയമം പര്യാപ്തമാകുമോ?

**വനസംരക്ഷണ നിയമം വിശദമാക്കുന്ന അവകാശങ്ങളെക്കുറിച്ചും**
**നിയമം ശക്തമാക്കാൻ കേരളത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും**
**കെ.എ. അമിതാബച്ചൻ**

# വനാവകാശത്തിന്റെ സാധ്യതകൾ ആശങ്കകൾ

**വനാവകാശ നിയമം (2006)**

ഇന്ത്യൻ വനസംരക്ഷണ നിയമവും, വന്യജീവി സംരക്ഷണ നിയമവും വേണമെങ്കിൽ ഒരു പരിധി വരെ തദ്ദേശജനസമൂഹങ്ങളുടെ സ്വതന്ത്രമായ വനഉപയോഗത്തെ തടഞ്ഞു എന്ന് പറയാം. എന്നാൽ മറ്റൊരുതരത്തിൽ ആദിവാസി ഗോത്രവർഗ്ഗങ്ങളുടെ ജീവൽ സ്രോതസ്സായ കാടിനെയും, വന്യജീവനെയും ധൂർത്തടിക്കുന്നതിൽ നിന്ന് മുഖ്യധാരാ ജനങ്ങളെ അകറ്റി നിർത്തുന്നതിലൂടെ പരോക്ഷമായി ആദിവാസിഗോത്ര വർഗ്ഗ ഭൂമിയുടെ ഇന്നുള്ള സംരക്ഷണം സാദ്ധ്യമാക്കിയത് ഈ നിയമങ്ങളാണ്. ഉദാഹരണമായി വനഭൂമി മുഖ്യധാരാ ജനങ്ങളിലേക്ക് എത്തിയ വയനാട്, അട്ടപ്പാടി മേഖലകളിലെല്ലാം ആദിവാസി – ഗോത്രവിഭാഗങ്ങൾ ഭൂമിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട്, വിഭവങ്ങളുടെ ശോഷണം മൂലം ജീവസന്ധാരണത്തിനായി കഷ്ടപ്പെടുന്നതും, സംസ്കാരികമായി ഉന്മൂലനം ചെയ്യപ്പെടുന്നതും കാണാം. ഇവിടെയെല്ലാം നിക്ഷിപ്ത വനഭൂമി ആദിവാസികളിലൂടെ തന്നെ മുഖ്യധാരാ ജനങ്ങളിലേക്ക് എത്തിയതാണ് (വനപരിപാലനം എന്നവ്യാജേന കാടുകൾ ഏകവിളത്തോട്ടങ്ങളായത്. അണക്കെട്ടുകൾക്കും, ഖനനങ്ങൾക്കുമായി നശിപ്പിക്കപ്പെട്ടത് നിസ്സാരവൽക്കരിക്കുകയല്ല.) അതേസമയം വനഭൂമി അധികം നശിപ്പിക്കപ്പെടാത്ത മേഖലകളിൽ ആദിവാസികൾ താരതമ്യേന നല്ലരീതിയിൽ ജീവിച്ച് വരുന്നത് കാണാൻ കഴിയും.

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ് ആദിവാസിയുടെ പേരിൽ നടന്ന വനംകൊള്ളയും, വനഭൂമിയുടെ അന്യാധീനപ്പെടലും യഥാർത്ഥത്തിൽ ആദിവാസി താല്പര്യങ്ങളെയല്ല മറിച്ച് മുഖ്യധാരാ ജനങ്ങളുടെ ഭൂമിക്ക് മേലുള്ള താല്പര്യമാണ് സംരക്ഷിക്കപ്പെട്ടത്. ഈ സാഹചര്യത്തിലാണ് വനവാകാശനിയമം 2006 ന്റെ പ്രസക്തി പരിശോധിക്കപ്പെടേണ്ടത്.

## പ്രധാന സവിശേഷതകൾ

തീർച്ചയായും നല്ലരീതിയിൽ ഉപയോഗിക്കപ്പെടുകയാണെങ്കിൽ ഇതുവരെ വന്നിട്ടുള്ള നിയമങ്ങളിൽ വിപ്ലവകരമായ നിയമപരിരക്ഷ കിട്ടാവുന്ന ആദിവാസി അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കാനും സഹായകമായ നിയമമായി വനാവകാശ നിയമം 2006 നെ കാണാം. സൂക്ഷ്മമായി ഉപയോഗിക്കപ്പെട്ടില്ലെങ്കിൽ വികേന്ദ്രീകരണാസൂത്രണം പോലെ യഥാർത്ഥ പ്രശ്നങ്ങൾ സ്പർശിക്കാതെ മുഖ്യധാരാ ജനങ്ങളുടെയും മറ്റ് തല്പരകക്ഷികളുടെയും ഭൂതാല്പര്യ സംരക്ഷണത്തിൽ ഇത് ഒതുങ്ങിപ്പോയേക്കാം.

### 1. ഭൂമിയുമായി ബന്ധപ്പെട്ട അവകാശം

1. ആദിവാസി – ഗോത്രസമൂഹങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും 2005 ഡിസംബർ 13-ാം തിയ്യതി വരെ കൈവശം വെച്ചനുവദിച്ച് വരുന്ന വ്യക്തിപരമായ ഭൂമിയുടെ അവകാശം (താമസത്തിന്, സ്വയം കൃഷി ചെയ്യുന്നതിന്) Section 3(1) (a).

2. ആദിവാസി – ഗോത്ര സമൂഹങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും 2005 ഡിസംബർ13 വരെ കൈവശം വച്ചനുവദിച്ച് വരുന്ന പൊതു ഭൂമിയുടെ അവകാശം (താമസം, സ്വയം കൃഷിചെയ്യുന്നതിന്, മറ്റ് പൊതു ആവശ്യങ്ങൾക്ക്) Section 3(1) (a).

3. ആദിവാസി – ഗോത്ര സമൂഹങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും ഇതുവരെ ലഭിച്ചിട്ടുള്ള പട്ടയം, പാട്ടം എന്നിവ കൈവശരേഖയാക്കി മാറ്റുന്നതിനുള്ള അവകാശം. Section 3(1) (g)

4. തർക്കത്തിലിരിക്കുന്ന വനഭൂമിയുടെ മേൽ ഉള്ള കൈവശാവകാശം (13-12-2005 വരെ ഉപയോഗിച്ച് വരുന്നതാണെങ്കിൽ) Section 3(1) (f).


5. നിലനിൽക്കുന്ന രേഖാമൂലം പരസ്യപ്പെടുത്താത്തതും, പെടുത്തിയതുമായ എല്ലാ പഴയതും പുതിയതുമായ കോളനികളെയും, ഊരുകളെയും റവന്യൂ വില്ലേജ് ആക്കിമാറ്റാനുള്ള അവകാശം. Section 3(1) (h).(ഇത് മൂലം ലഭിക്കുന്ന കൈവശാവകാശ രേഖകൾ അന്യാധീനപ്പെടുത്തുന്നതോ വില്പനയോ നിയമപരമായി സാധൂകരിക്കുന്നില്ല. പരമ്പരാഗതമായി കൈമാറാൻ മാത്രമേ കഴിയുകയുള്ളൂ).

### 2. വനവിഭവങ്ങളുടെമേലുള്ള അവകാശം

പരമ്പരാഗതമായി അനുഭവിച്ച് പോരുന്ന തടിയേതര വിഭവങ്ങൾ (NTFP), പുഴയിലെയും, ജലാശയങ്ങളിലെയും വിഭവങ്ങൾ (മത്സ്യം), കന്നുകാലികളെ തീറ്റുന്നതിനും, കാലാനുസൃതമായുള്ള വിഭവശേഖരണം (പ്രത്യേകിച്ച് അലഞ്ഞ് തിരഞ്ഞ് നടക്കുന്ന സ്ഥിരതാമസക്കാരല്ലാത്ത ആദിവാസി ഗോത്രങ്ങളുടേതടക്കം) മുതലായവയിലുള്ള പൊതുഅവകാശം. Section 3(1) (b,c,d).

### 3. പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ അവകാശം

പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങളുടെ മേൽപ്പറഞ്ഞ അവകാശങ്ങൾക്കപ്പുറം പൊതുവായ ആവാസവ്യവസ്ഥയ്ക്ക്, അവിടെയുള്ള താമസത്തിനും ഈ നിയമം നിയമപരമായ അവകാശം കൊടുക്കുന്നു. (Section 3(1) (e)) ഇതുപ്രകാരം തുടർന്ന് അവരുടെ ആവാസവ്യവസ്ഥയായി – പൊതുവാസസ്ഥലമായി തീരുമാനിക്കപ്പെടുന്ന വനമേഖലയിൽ നിന്നുള്ള ബലം പ്രയോഗിച്ചുള്ളതോ അല്ലാതെയോ ഉള്ള കുടിയൊഴിപ്പിക്കൽ, പ്രസ്തുത വനമേഖല മറ്റ് മുഖ്യധാരാ പ്രവർത്തനങ്ങൾക്കായി കൈമാറ്റം ചെയ്യൽ എന്നിവ നിരോധിക്കപ്പെടുന്നു. നിലവിലുള്ള രേഖപ്രകാരം കേരളത്തിൽ (1) കാടർ (2) കാട്ടുനായ്കർ, (3) ചോലനായ്കർ, (4) കൊരഗർ, (5) കുറുമ്പർ എന്നിങ്ങനെ അഞ്ച് ആദിവാസി – ഗോത്രങ്ങളാണ് പ്രാക്തന വർഗ്ഗത്തിൽപ്പെടുന്നത്.



**പരമ്പരാഗതമായി അനുഭവിച്ച് പോരുന്ന വനവിഭവങ്ങളുടെ മേലുള്ള സംരക്ഷണ, ഉപയോഗ, പരിരക്ഷണാവകാശവും പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങൾക്ക് അവരുടെ വാസസ്ഥലങ്ങൾക്ക് മേലുള്ള പരമാധികാരവും ആദിവാസി ഊരുകൂട്ടങ്ങൾക്ക് പ്രത്യേക ഗ്രാമസഭകളായുള്ള വിവേചനാധികാരവും പ്രാക്തനഗോത്രവർഗ്ഗവിഭാഗങ്ങളുടെ പരമ്പരാഗത വാസസ്ഥാനങ്ങൾ നിർണ്ണയിക്കപ്പെട്ടാൽ അതിൽ നിന്ന് കുടിയൊഴിപ്പിക്കാൻ അനുവദിക്കാത്തതുമാണ് യഥാർത്ഥത്തിൽ ഇതിലെ വിപ്ലവകരമായ വസ്തുതകൾ**

ഇവ മൂന്നും കൂടാതെ (4) പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന പൊതുവനവിഭവങ്ങളുടെയും ജൈവവൈവിധ്യത്തിന്റെയും സ്ഥായിയായ ഉപയോഗത്തിനും, സംരക്ഷണത്തിനും, പുനരുജ്ജീവനത്തിനും, കൈകാര്യം ചെയ്യുന്നതിനും ഉള്ള അവകാശവും, പരമ്പരാഗത അറിവുകളുടെ ബൗദ്ധിക സ്വത്തവകാശം (Section 3(1) (k)).

(5) 2005 ഡിസംബർ 13ന് മുൻപായി നിയമപരമായോ അല്ലാതെയോ കുടിയൊഴിക്കപ്പെട്ടവരുടെ യഥാർത്ഥ പുനരധിവാസത്തിനുള്ള അവകാശം (Section 3(1) (m)).

(6). ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാ

സം, വൈദ്യുതി, ഫോൺ, കുടിവെള്ളം, റോഡുകൾ മുതലായവയ്ക്കായി ഭൂമി അനുവദിക്കുന്നതിന് (ഗ്രാമസഭ- ഊരുക്കൂട്ടം തീരുമാനിച്ച് കേന്ദ്രഗവൺമെന്റ് അനുവദിച്ച്, ഒരു ഹെക്ടറിൽ എഴുപത്തഞ്ച് മരങ്ങളിൽ കൂടുതൽ മുറിക്കാൻ പാടില്ല). Section 3(2).

മേൽപ്പറഞ്ഞ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഗ്രാമസഭ - അഥവാ ഊരുകൂട്ടങ്ങൾക്ക് (Section 2(g)) പ്രധാനമായും വിവേചനാധികാരം നൽകിയിട്ടുണ്ട്. ഓരോ ഊരുകൂട്ടങ്ങളിലും ഗ്രാമസഭ പത്തോ അധിലധികമോ വനാവകാശ കമ്മിറ്റിമെമ്പർമാരെ (ആദിവാസി - ഗോത്ര വിഭാഗങ്ങൾ) തീരുമാനിക്കുകയും, അവർ മുഖാന്തിരം നിയമത്തിൽ തന്നിട്ടുള്ള അവകാശ ഫോറങ്ങൾ പൂരിപ്പിച്ച് ഊരുകൂട്ടത്തിന് സമർപ്പിച്ച്, ചർച്ചചെയ്ത്, തർക്കങ്ങൾ തീർപ്പാക്കി സബ് - ഡിവിഷൻ ലെവൽ കമ്മറ്റിക്ക് കൊടുക്കുകയും, സബ് ഡിവിഷണൽ ലെവൽ കമ്മറ്റി ചുരുങ്ങിയത് രണ്ട് തരത്തിലുള്ള തെളിവുകളെ ആധാരമാക്കി ഇവ അംഗീകരിച്ച് - കളക്ടർ അടക്കമുള്ള ജില്ലാതല കമ്മറ്റിയ്ക്ക് നൽകുകയും ജില്ലാതല കമ്മറ്റി തീരുമാനമെടുത്ത് രേഖകൾ നൽകുകയുമാണ് വേണ്ടത്. ഇത് നിയമപരമായി നടപ്പിൽ വരുത്തേണ്ട ചുമതല പട്ടികജാതി - പട്ടികവകുപ്പിനും, അതിനെ സഹായിക്കേണ്ടത് പ്രധാനമായും ഗ്രാമപഞ്ചായത്ത്, ഊരുകൂട്ടം, വനംവകുപ്പ് എന്നിവരുമാണ്.

## സാദ്ധ്യതകളും ആശകളും കേരളത്തിലെ സാഹചര്യത്തിൽ

2006 ൽ നിലവിൽ വന്ന നിയമത്തിൽ അവകാശങ്ങൾ പ്രത്യേകിച്ച് ഭൂമിയിൻമേലുള്ള കൈവശ രേഖ നൽകുന്നതിന് വനഭൂമി മുഖ്യധാരാ താല്പര്യത്തിൽ കൈയ്യേറ്റം ചെയ്യപ്പെടുന്നത് സാധൂകരിക്കുന്നില്ല. അതുകൊണ്ട് തന്നെ നിയമം പ്രഖ്യാപിക്കപ്പെടുമ്പോൾ വനഭൂമിക്ക് സംഭവിക്കാവുന്ന നാശം തടയാനുള്ള മുൻകരുതൽ ഇതിൽ അടങ്ങിയിട്ടുണ്ട്. പല മേഖലകളിലും പ്രത്യേകിച്ച് വന്യജീവിസങ്കേതങ്ങളിൽ ആദിവാസികൾ വളരെകുറച്ച് ഭൂമി മാത്രമേ കൈവശം വച്ചിരിക്കുന്നുള്ളൂ. ഇതിന് മുൻപ് അന്യാധീനപ്പെട്ടതും, മുഖ്യധാരാജനങ്ങളുടെ കൈവശം എത്തിപ്പെട്ടതുമായ ആദിവാസി ഭൂമിയും വനഭൂമിക്ക് പുറത്തുള്ള റവന്യൂഭൂമിയിൻമേലുള്ള അവകാശവും പരാമർശിക്കപ്പെട്ടിട്ടില്ല. ഇതെല്ലാം ഈ നിയമത്തിന്റെ പോരായ്മകണാണ്.


എന്നാൽ പരമ്പരാഗതമായി അനുഭവിച്ച് പോരുന്ന വനവിഭവങ്ങളുടെ മേലുള്ള സംരക്ഷണ, ഉപയോഗ, പരിരക്ഷണാവകാശവും പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങൾക്ക് അവരുടെ വാസസ്ഥലങ്ങൾക്ക് മേലുള്ള പരമാധികാരവും ആദിവാസി ഊരുകൂട്ടങ്ങൾക്ക് പ്രത്യേക ഗ്രാമസഭകളായുള്ള വിവേചനാധികാരവും പ്രാക്തനഗോത്രവർഗ്ഗവിഭാഗങ്ങളുടെ പരമ്പരാഗത വാസസ്ഥാനങ്ങൾ നിർണയിക്കപ്പെട്ടാൽ അതിൽ നിന്ന് കുടിയൊഴിപ്പിക്കാൻ അനുവദിക്കാത്തതും അത്തരം വനമേഖല മറ്റ് മുഖ്യധാരാ വികസന പ്രവർത്തനങ്ങൾക്ക് നിർണ്ണയിക്കപ്പെടാനുള്ള പരമാധികാരം തനത് ഊരുകൂട്ടങ്ങൾക്ക് /ഗ്രാമസഭകൾക്ക് നല്കിയിരിക്കുന്നതുമാണ് യഥാർത്ഥത്തിൽ ഇതിലെ വിപ്ലവകരമായ വസ്തുതകൾ. എന്നാൽ അഞ്ച് വർഷം കഴിഞ്ഞിട്ടും ഇതുവരെ ഒരു പടിപോലും കേരളം ഇക്കാര്യത്തിൽ മുന്നോട്ട് പോയിട്ടില്ല.

കേരളത്തിൽ ഇതുവരെ ആർക്കും അധികം ബുദ്ധിമുട്ടുകളുണ്ടാക്കാത്ത, ആദിവാസികൾക്ക് പ്രത്യേകിച്ച് മാറ്റങ്ങളൊന്നുമുണ്ടാക്കാത്ത (2005 ഡിസംബർ 13 എന്ന തീയതി വച്ചിരിക്കുന്നതിനാൽ) വ്യക്തിപരമായ ഭൂമിയുടെ അവകാശങ്ങൾക്ക് കൈവശരേഖ നൽകുന്ന പ്രവർത്തനങ്ങൾ മാത്രമേ പട്ടിജാതി - പട്ടികവർഗ്ഗവകുപ്പ് ചെയ്തിട്ടുള്ളൂ. ഇതിൽ തന്നെ നിലവിലുള്ള തർക്കരഹിതമായ ഭൂമികൾക്ക് കൈവശരേഖ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ പൊതുഭൂമി, പൊതു വിഭവങ്ങളുടെ മേലുള്ള അവകാശം, പ്രാക്തനവർഗ്ഗവിഭാഗങ്ങളുടെ വാസസ്ഥാനങ്ങളുടെ പ്രത്യേകസംരക്ഷണം, പ്രത്യക്ഷ/പരോക്ഷ ഭൂമി അന്യാധീനപ്പെടുന്നതിലുള്ള സംരക്ഷണം എന്നിവയിൽ ഒന്നും നടക്കാത്തത് കേരളത്തിലെ മുഖ്യധാരാ ചിന്തകളാൽ നയിക്കപ്പെടുന്ന പാർട്ടികൾക്കും ഗ്രാമസഭകൾക്കും മറ്റ് സംഘടനകൾക്കും ആദിവാസി ഗോത്രവർഗ്ഗങ്ങളുടെ യഥാർത്ഥ അധികാര പുനസ്ഥാപനത്തിൽ ഒരിഞ്ചുപോലും താല്പര്യമില്ല എന്നതുകൊണ്ടാണെന്ന് വ്യക്തമാണ്.

ഉദാഹരണമായി, വ്യക്തിപരമായ അവകാശങ്ങൾ ആദിവാസികൾക്ക് നൽകിയാൽ അതിന് എത്ര തന്നെ നിയമപരിരക്ഷ ഉണ്ടെങ്കിലും ഭൂമി മറ്റുമുഖ്യധാരാ ജനങ്ങളുടെ കൈവശമെത്തുന്നതിനും ഭൂമിയുടെ മരുവൽക്കരണത്തിനും സാധ്യത കൂടുതലാണ് എന്നതാണ് വനഭൂമി സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരുടെ ആശങ്ക. കേരളത്തിലെ ഇതിനുമുൻപ് നടന്ന എല്ലാ ആദിവാസി ഭൂവിതരണവും തുടർന്നുള്ള സംഭവവികാസങ്ങളും ഇത് ശരിവെയ്ക്കുന്നു. എന്നാൽ 2005 ഡിസംബർ 31 വരെ കൈവശമിരിക്കുന്ന ഭൂമി എന്നതിനാൽ ഈ ആശങ്കയ്ക്ക് വലിയ പ്രസക്തിയില്ല. അതോടൊപ്പം തന്നെ ഇതിന് മുൻപ് അന്യാധീനപ്പെട്ട ആദിവാസി ഭൂമി നേടിയെടുക്കാൻ ഈ നിയമം അത്ര പര്യാപ്തമല്ല.

എന്നാൽ, 2006ൽ നിയമം നിലവിൽവന്നിട്ടും 2009 ഏപ്രിൽ 30നാണ് ഈ നിയമം നടപ്പിലാക്കണമെന്ന മന്ത്രിസഭാതീരുമാനം വരുന്നത് രാഷ്ട്രീയക്കാരുടെ താത്പര്യമില്ലായ്മയുടെ പ്രത്യക്ഷ ഉദാഹരണം. ഉടനെതന്നെ അന്നത്തെ പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ ആദിവാസികൾക്കും വനഭൂമി പതിച്ച് തരാം എന്നാഹ്വാനം ചെയ്ത്, ജനങ്ങളെ അസത്യം പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് അവശേഷിക്കുന്ന വനഭൂമി കൈയ്യേറി നശിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. അന്നത്തെ മന്ത്രിയായ ബാലൻ അത്തരത്തിൽ ആഹ്വാനം ചെയ്തു (2005 വരെ കൈവശമിരിക്കുന്നതേ ലഭിക്കുകയുള്ളൂ എന്ന സത്യം പറയാതെ). തുടർന്ന് വയനാട്, പാലക്കാട് ജില്ലകളിലും കേരളത്തിൽ മറ്റ് ചിലയിടങ്ങളിലൂടെ മുഖ്യധാര ജനങ്ങളുമായി ഇഴചേർന്ന്, വലിയതോതിൽ കൃഷിചെയ്ത് ജീവിച്ചുവരുന്ന ആദിവാസി വിഭാഗങ്ങൾ നടത്തിയ കൈയേറ്റങ്ങളും, തുടർന്നുള്ള നിയമനടപടികളും ശ്രദ്ധിക്കേണ്ടതാണ്. പട്ടികജാതി വകുപ്പും ഓരോ ആദിവാസി ഗ്രാമങ്ങളിലും പെട്ടെന്ന് വനാവകാശ കമ്മറ്റികൾ തട്ടിക്കൂട്ടുകയും 5 ഏക്കർ വീതം ഭൂമിക്ക് എഴുതിതരാൻ പറയുകയും ചെയ്തു. പിന്നീട്, ഈ നടപടികൾ നിയമപരമായി തങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് മനസ്സിലായപ്പോൾ മന്ത്രി പിൻവലിയുകയും പട്ടികജാതി വകുപ്പ് യഥാർത്ഥ രേഖകൾക്കായുള്ള ഫോറം വിതരണം ചെയ്യുകയുമാണ് ഉണ്ടായത്.

എന്നാൽ ഇതേ സമയം തന്നെ നാളിതുവരെ ഇതിലെ വിപ്ലവകരമായ സാധ്യതകളുള്ള പൊതുഭൂമിയിലുള്ള അവകാശം, പരമ്പരാഗത വനവിഭവങ്ങളുടെ മേലുള്ള അവകാ



**കേരളത്തിൽ എവിടെയെങ്കിലും ആദിവാസി പട്ടിണികൂടാതെ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അത് കുറച്ചെങ്കിലും വനഭൂമി യഥാർത്ഥ കാടായും പുഴയായും നിലനിൽക്കുന്നതുകൊണ്ടാണ്. അല്ലാതെ മറ്റ് ആദിവാസി ക്ഷേമപ്രവർത്തനം കൊണ്ടല്ല. യഥാർത്ഥ വനമല്ലാതായി മാറിയ ഭൂമിയെല്ലാം തന്നെ മുഖ്യധാരാജനങ്ങളുടെയും ഭൂമാഫിയയുടെയും കൈയ്യിലാണ്. അവിടെയൊക്കെ ആദിവാസി അപരിഷ്കൃതനും കള്ളുകുടിയനും സാംസ്ക്കാരികമായി അധപതിച്ചവനും കൂലിപ്പണിക്കാരനുമാണ്**

ശം, പ്രാക്തനഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ വാസസ്ഥലങ്ങൾ തീരുമാനിച്ച് പ്രത്യേക സംരക്ഷിത (കമ്മ്യൂണിറ്റി ഫോറയ്റ്റ് റിസർവ്വുകളായി ഇഎഞ) പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള അവകാശം അതിനെല്ലാം ഉപരി ഊരുകൂട്ടങ്ങളെ യഥാർത്ഥ ആദിവാസി ഗ്രാമസഭകളുമായി മാറ്റുന്നതിനുള്ള സാദ്ധ്യതകൾ ഒന്നുംതന്നെ ഒരിഞ്ചുപോലും നിയമപരമായ സാദ്ധ്യതയായിട്ടുകൂടി മുന്നോട്ടുപോയിട്ടില്ല.

നേരേമറിച്ച് ആദിവാസികൾക്ക് ഭൂമിനേടിക്കൊടുക്കുക എന്നതാണ് യഥാർത്ഥലക്ഷ്യമെങ്കിൽ നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് തന്നെ ഇത് ചെയ്യാവുന്നതാണ്. ഉദാഹരണമായി വനനിയമം 1980, വന്യജീവി സംരക്ഷണനിയമം 1972, വനവാസികളുടെ ഭൂമി അന്യാധീനപ്പെടുന്നതിനെതിരെയുള്ള കേന്ദ്രനിയമം 1975, ജൈവവൈവിധ്യസംരക്ഷണ നിയമം 2002, ആദിവാസികൾക്ക് അഞ്ച് ഏക്കർ ഭൂമി വീതം കൊടുക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം എന്നിവ ശരിക്കും വിനിയോഗിക്കപ്പെട്ടാൽ മാത്രം മതി ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിയെല്ലാം തിരികെ കൊടുക്കാൻ കഴിയും. കൂടാതെ വനാവകാശ നിയമം 2006 കൂടി സമർത്ഥമായി ഉപയോഗിച്ചാൽ ഇനിയും സാദ്ധ്യതകളുണ്ട്.

ഒരു കാര്യം വ്യക്തമാണ്. കേരളത്തിൽ എവിടെയെങ്കിലും ആദിവാസി പട്ടിണികൂടാതെ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അത് കുറച്ചെങ്കിലും വനഭൂമി യഥാർത്ഥ കാടായും പുഴയായും നിലനിൽക്കുന്നതുകൊണ്ടാണ്. അല്ലാതെ മറ്റ് ആദിവാസി ക്ഷേമപ്രവർത്തനം കൊണ്ടല്ല. യഥാർത്ഥ വനമല്ലാതായി മാറിയ ഭൂമിയെല്ലാം തന്നെ മുഖ്യധാരാജനങ്ങളുടെയും ഭൂമാഫിയയുടെയും കൈയ്യിലാണ്. അവിടെയൊക്കെ ആദിവാസി അപരിഷ്കൃതനും കള്ളുകുടിയനും സാംസ്ക്കാരികമായി അധപതിച്ചവനും കൂലിപ്പണിക്കാരനുമാണ്. അവശേഷിക്കുന്ന വനഭൂമി വനംവകുപ്പിന്റെ അധീനതയിലാണെങ്കിലും, അതിലെ വിഭവങ്ങൾ ആദിവാസികൾക്ക് സ്വന്തമാണ്. സംരക്ഷിതപ്രദേശങ്ങളിൽ അതിന് വിലക്കുകൾ ഉണ്ടെങ്കിൽ പോലും യഥാർത്ഥ ഊരുകൂട്ടങ്ങൾ വനസംരക്ഷണ സമിതികൾ എന്നിവയുടെ ശാക്തീകരണം നടക്കാത്തതാണ് പ്രധാനമായ തടസ്സം. നിലവിലുള്ള നിയമങ്ങൾക്കപ്പുറം വനാവകാശനിയമത്തിന് ഇത്തരം സാധ്യതകൾ ധാരാളമുണ്ട്.

എന്നാൽ മുഖ്യധാര ജനങ്ങൾ അവർക്ക് കിട്ടിയഭൂമിയുടെ സമ്പത്ത് മുഴുവൻ കൊള്ളയടിച്ച് നശിപ്പിച്ചു. പുതിയ കാർഷീക-വ്യവസായിക- ഉപഭോഗ-തൃഷ്ണകളിലൂടെ സാമ്രാജ്യത്വതാല്പര്യങ്ങൾ ഇതിനെല്ലാം ചുക്കാൻ പിടിച്ചു. ഇന്നതിന്റെ ഭൂരിപക്ഷവും, മലനാട്ടിലും, ഇടനാട്ടിലും, തീരപ്രദേശത്തും വൻകിടമാഫിയയുടെ കൈയ്യിലാണ്. എന്നാൽ വൻകിടകമ്പനികൾ മുതൽ ഒരു സാധാരണക്കാരൻ വരെ ഒളികണ്ണിട്ട് നോക്കികൊണ്ടിരിക്കുന്നത് അവശേഷിക്കുന്ന മരീചികയായി നിലകൊള്ളുന്ന വനഭൂമിയിലാണ്. എല്ലാക്കാലത്തെയും പോലെയും ആദിവാസിയെ കരുവാക്കി ഭൂമിയുടെ സമ്പത്ത് സർവ്വത്ര നശിപ്പിച്ച് അത് സ്വന്തമാക്കുവാൻ നമ്മളോരോരുത്തരിലുമുള്ള അധിനിവേശശക്തി തക്കം പാർത്തിരിക്കുന്നു.

വനാവകാശ നിയമത്തിന്റെ കാതൽ ഇരിക്കുന്നത് പൊതുഭൂമിയിലുള്ള സ്ഥായിയായ അവകാശം, വന വിഭവങ്ങൾ സംരക്ഷിക്കുന്നതിനും, ഉപയോഗിക്കുന്നതിനും, പരിപാലനം ചെയ്യുന്നതിനുമുള്ള അവകാശം പരമ്പരാഗത അറിവുകളിലുള്ള ബൗദ്ധികസ്വത്തവകാശം എന്നതിലാണ്. എക്കാലത്തും തഴയപ്പെട്ട പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്ക് അവരുടെ വാസസ്ഥലങ്ങൾക്ക് മേലുള്ള പരമാധികാരം (ഒരു പരിധിവരെ) എന്നതാണ് ഒരുപക്ഷേ ഇതിൽ ഏറ്റവും വിപ്ലവകരമായ ഘടകം. ഇതെല്ലാം യഥാർത്ഥമാക്കണമെങ്കിൽ വനഭൂമി യഥാർത്ഥത്തിൽ ഈ ഭൂമിയിലെല്ലാവർക്കും വേണ്ടി സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്നവരുടെ ഭയാശങ്കകൾ ഇല്ലാതാവണമെങ്കിൽ അടിസ്ഥാനപരമായി പ്രവർത്തിക്കേണ്ടത് ആദിവാസി ഊരുകൂട്ടങ്ങളുടെ ശാക്തീകരണവും ഗ്രാമസഭകളായി വർത്തിക്കാനുള്ള നടപടികളുമാണ്.

ഈ പറഞ്ഞകാര്യങ്ങൾ നടക്കാതെ വ്യക്തിപരമായി ഭൂമിയുടെ കൈവശരേഖ നൽകുക എന്നതിൽ മാത്രം ഒതുങ്ങിയാൽ എക്കാലത്തേയും പോലെ വനഭൂമി കൊള്ളയടിക്കപ്പെടുകയും പിന്നീട് മറ്റ് മുഖ്യധാരാ ആളുകളിലേക്കും വൻകിടമാഫികളിലേക്കും എത്തിപ്പെടുകയും ആദിവാസിയുടെ സാംസ്കാരികവും വംശീയവുമായ അറിവുകളും അന്യംനിന്നുപോവുകയും മാത്രമായിരിക്കും ഫലം.

ഇതോടൊപ്പം വനസംരക്ഷണവുമായി ബന്ധപ്പെട്ട ആശങ്കകളും Critical Wildlife Habitat നിർണ്ണയിക്കുന്നതിൽ വനം വകുപ്പ് മുൻകൈയ്യെടുക്കാത്തതും പ്രാക്തനവർഗ്ഗത്തിൽപ്പെടുത്താത്ത എന്നാൽ അതേ ജീവിതശൈലിയിലുള്ള മലമ്പണ്ടാരങ്ങൾപോലുള്ള ആദിവാസി ഗോത്രവിഭാഗങ്ങളുടെ കാര്യവും ഇതുവരെ നടക്കേണ്ടും നടന്നതുമായ നടപടിക്രമങ്ങളും പ്രത്യേകം ചർച്ചചെയ്യേണ്ടതുണ്ട്.